# വിജയപഥം
# കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല
## SSLC PRE MODEL EXAMINATION 2021-22

**PM 01 ML 10 M** **Time : 1 $\frac{1}{2}$ hr**

**Class : X** **Score : 40**

## അടിസ്ഥാനപാഠാവലി

**പാർട്ട് – 1**

**A. 1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക **. (1** സ്കോർ**)**
**(4x1=4)**

**1.** "അപ്പോൾ നമ്മുടെ വേരുകളോ **?**അതും അമ്മയായ ഈ ഭൂമിയിൽ തന്നെ **".**ഈ വരികളുടെ ആശയവുമായി യോജിക്കാത്ത പ്രസ്താവന ഏത് **?**

*അമ്മയോടും ഭൂമിയോടുമുള്ള സ്നേഹം ആഴമുള്ളതാണ് **.**
*വേരും ഭൂമിയും തമ്മിലുള്ള ബന്ധം അഭേദ്യമാണ് **.**
*ബന്ധങ്ങളുടെ വേര് അറുത്തുമാറ്റുന്നതാണ് സ്വാതന്ത്ര്യം **.**
* മനുഷ്യബന്ധങ്ങളും വേരുകളും ആഴത്തിലേക്ക് പടരുന്നു **.**

**2 .** 'ഈ പറമ്പിലിനി വല്ലതുമുണ്ടോ ബാക്കി **?**എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി **'!** ഈ വാക്കുകളിൽ പ്രകടമാകുന്ന വികാരം എന്ത് **?**

* കരുണ
* അമർഷം
* ഭക്തി
* പരിഹാസം

**3.**കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായി നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത് എന്താണ് **?**

*നെല്ല് കൂലിയായി ചോദിച്ച ദിവസം **.**
*അപ്പന് വയറു നിറച്ച് കഞ്ഞി കൊടുത്ത ദിവസം **.**
*രാത്രിയിൽ നടന്ന വ്യാപാരത്തെ പരസ്യപ്പെടുത്താൻ ആലോചിച്ച ദിവസം **.**
*പിണങ്ങിപ്പിരിഞ്ഞ അപ്പൻ തന്റെ കുടിലിൽ വന്ന ദിവസം **.**

**4 .**മാവേലിമന്നനെ പ്രതീക്ഷിച്ച് ദീപക്കുറ്റികൾ നാട്ടിയിരിക്കുന്നത് ആരാണ് **?**

*തുമ്പകൾ **.**
*മുക്കുറ്റികൾ **.**
*ആമ്പലുകൾ **.**
*കമുകിൻപൂവരി **.**

**5 .** മാതൃക പോലെ മാറ്റി എഴുതുക .

എരിതീ - എരിയുന്ന തീ

പ്ലാവില ------------------------

**6 .**'കോഴിയും കിഴവിയും 'എന്ന കഥയിലെ മത്തായിയുടെ സ്വഭാവത്തിനു ചേരുന്ന ഒരു പഴഞ്ചൊല്ല് എഴുതുക .

**B. 7** മുതൽ **9** വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക .**(1** സ്കോർ ) **(3 x 1 =3 )**

**7 .** ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പരിഗണിക്കാവുന്ന സന്ദേശം ഏത് **?**

*മദ്യം വിഷമാണ് .

* ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് .

* മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി.

*ശുചിത്വം അടുക്കളയിൽ നിന്നാണ് തുടങ്ങുക .

**8 .** "നാദമായ് വന്നെന്റെ നാവിലെത്തേനായി

നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ " - സ്പന്ദിച്ചതീയുള്ളെഴുത്തുകൾ എന്ന പ്രയോഗത്തിന്റെ കാവ്യസന്ദർഭത്തിലെ ഉചിതമായ അർത്ഥം ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും എടുത്തെഴുതുക.

*സ്പന്ദിച്ചത് ഈ ഉള്ള എഴുത്തുകൾ .

*സ്പന്ദിച്ചത് ഈ ഉള്ളെഴുത്തുകൾ .

*സ്പന്ദിച്ച തീയുള്ള എഴുത്തുകൾ .

* സ്പന്ദിച്ചത് ഈ ഉള്ളിലെഴുത്തുകൾ.

**9 .**"ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ <u>ഉള്ളിൽ തീയായിരുന്നു</u> ".അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷ അർത്ഥം എന്ത് **?**

*ചെമ്പുമത്തായി റേഡിയോ തട്ടിയെടുക്കുമോ എന്ന പേടി .

*ചെമ്പുമത്തായിക്ക് കൊടുക്കേണ്ട പലിശയെപ്പറ്റിയുള്ള ആധി .

*റേഡിയോ നഷ്ടമാവുന്നതിലുള്ള അസഹ്യമായ ദുഃഖം .

* ചാക്കുണ്ണിയുടെ ശരീരത്തിന് തീ പിടിച്ചു .

## പാർട്ട് - II

**A.** ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടു വാക്യത്തിൽ ഉത്തരമെഴുതുക .**(2** സ്കോർ )

**10.**അർത്ഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കിയെഴുതുക. **(1x 2 = 2 )**

വിളിക്കാനും ആരുമില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കി പോവുന്നതിൽ മകന് നന്നേ വിഷമമുണ്ടായിരുന്നു.

**B.11,12** ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**(2** സ്കോർ)

**(1 x 2 =2 )**

11 ."താരാട്ടിലോലുന്ന മാധുര്യമെങ്ങനെ ?
താൻ തന്നെ വന്നുപിറന്നതുമെങ്ങനെ ?"
വരികൾ വിശകലനം ചെയ്ത് പുതുതലമുറയെക്കുറിച്ചുള്ള കവിയുടെ വിമർശനം കണ്ടെത്തിയെഴുതുക.

12 ."മൂന്നു പതിറ്റാണ്ടായി നൂല്പ കോർത്തു കുഴിഞ്ഞ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു" .
അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

## പാർട്ട് III

**A. 13** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക .(**3** സ്കോർ )
**(3 x 3=9)**

13 .വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെയാണെന്ന് ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ ?

14 .ചമത്കാരഭംഗി കണ്ടെത്തുക.

"നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു -
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോട്ട പരുങ്ങിയൊരുങ്ങിട്ട -
മോണക്കോടിയുടുത്തൊരുഷസ്സേ ".

15 .'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന്
മനസ്സിലൂടപ്പോൾ കടന്നുപോയ് "-അമ്മയെ ഉപേക്ഷിക്കാൻ ജില്ലാശുപത്രിക്കരികിലെത്തിയ മകന്റെ വികാരമാണ് ഇവിടെ പ്രതിഫലിക്കുന്നത് .ഈ പ്രയോഗം
കവിതയ്ക്ക് എത്രത്തോളം ഉചിതമാണെന്ന് കണ്ടെത്തുക.

16 .'അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണു നിറയാത്തത് ,കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നത് കൊണ്ടാണ് ".ഈ വരികളിൽ തെളിയുന്ന
ആക്ഷേപഹാസ്യം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**B.** ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക .(**3** സ്കോർ ) **(1 X 3 =3 )**

17 .പത്രത്തെക്കുറിച്ച് നെപ്പോളിയന്റെ അഭിപ്രായം എന്താണ് ? അതിനോട് നിങ്ങൾ എത്രമാത്രം യോജിക്കുന്നുണ്ട് .വിശദീകരിക്കുക .

## പാർട്ട് IV

**A. 18** മുതൽ **20** വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .(**4** സ്കോർ )

**(2 x 4 =8 )**

**18** പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധമാണ് 'കൊച്ചുചക്കരച്ചി 'എന്ന ലേഖനത്തെ ഹൃദ്യമാക്കുന്നത്. പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**19** .'ഓണമുറ്റത്ത് 'എന്ന കവിതയിൽ ഓണത്തെ വരവേൽക്കാൻ ഒരുങ്ങുന്ന പ്രകൃതിയുടെ വർണ്ണനകൾ സംഗ്രഹിച്ചെഴുതുക.

**20** ."ഇല്ലച്ചമ്മേ .ഒന്നും കേക്കില്ല .ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ ".

"നല്ല വെള്ളോല്ല ,നിലാവ്വല്ല ,ക്രുമന്റെ ഒച്ചേമില്ല ".

ഗ്രാമ - നഗര ജീവിതത്തിന്റെ എന്തെല്ലാം വ്യത്യാസങ്ങളാണ് ഈ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നത് **?**

**B. 21,22** ചോദ്യങ്ങളിൽ ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .( **4** സ്കോർ )

**( 1x4=4)**

**21** ."മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി ".

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് "-ശ്രീനാരായണഗുരുവിന്റെ ഈ സന്ദേശവാക്യങ്ങൾക്ക് ഇന്നത്തെ സമൂഹത്തിലുള്ള പ്രസക്തി വിലയിരുത്തുക.

**22** ."ധനസമ്പാദനത്തിനുള്ള വ്യഗ്രതയിൽ മാനുഷികമൂല്യങ്ങൾ നഷ്ടപ്പെടുന്നു ".പണയം എന്ന കഥയിലെ ചെമ്പുമത്തായി എന്ന കഥാപാത്രത്തിന്റെ

സ്വഭാവസവിശേഷതകൾ കണ്ടെത്തി ഈ പ്രസ്താവന വിശകലനം ചെയ്യുക.

## പാർട്ട് **V**

**A. 23, 24** ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5** സ്കോർ )

**(1 x 5 =5 )**

**23** ."അമ്മത്തൊട്ടിൽ "എന്ന കവിതയുടെ പ്രമേയം വിശകലനം ചെയ്ത് വാർദ്ധക്യത്തോടുള്ള സമകാലികസമൂഹത്തിന്റെ മനോഭാവത്തെകുറിച്ച് പ്രഭാഷണം

തയ്യാറാക്കുക.

**24** ."കോഴിയും കിഴവിയും "എന്ന കഥയിലെ വൃദ്ധ നന്മയുടെ പ്രതീകമായി നിലകൊള്ളുന്നു. കഥാപാത്രസവിശേഷതകൾ വിലയിരുത്തി നിരൂപണം തയ്യാറാക്കുക.